<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5157</u> <u>04-07-2024 - ൽ മറുപടിയ്ക്ക്</u>

<u>കണ്ണൂർ ജില്ലയിലെ റവന്യൂ വില്ലേജുകളുടെ വിഭജനം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ ജില്ലയിൽ ഏതെങ്കിലും റവന്യൂ വില്ലേജുകളെ ജനസംഖ്യാടിസ്ഥാനത്തിൽ വിഭജിക്കുന്നതിനെക്കുറിച്ച് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | തീരുമാനിച്ചിട്ടില്ല. സംസ്ഥാനത്തിന്റെ വിവിധ കോണുകളിൽ നിന്നും പുതിയ താലൂക്ക്/വില്ലേജ്/ ആർ.ഡി.ഒ രൂപീകരണം/ വിഭജനം ഉൾപ്പെടെ പുതിയ അഡ്മിനിസ്ട്രേറ്റീവ് യൂണിറ്റ് രൂപീകരിക്കുന്നതിനുള്ള നിരവധി അപേക്ഷകൾ സർക്കാരിൽ ലഭ്യമായി വരുന്നുണ്ട്. വില്ലേജുകളുടെ വിഭജനം ഉൾപ്പെടെയുള്ള പുനഃസംഘടന സംബന്ധിച്ച് സമർപ്പിയ്ക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ ഒരു ടീമിനെ സർക്കാർ നിയോഗിച്ചിട്ടുള്ളതും റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയുമാണ്. സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള സാമ്പത്തിക സ്ഥിതി അത്തരം ചെലവുകൾ വഹിക്കാൻ പര്യാപ്തമാകുന്ന മുറയ്ക്ക് കണ്ണൂർ ജില്ലയിലുൾപ്പെടെയുള്ള വില്ലേജുകളുടെ വിഭജനം സംബന്ധിച്ച വിഷയം പരിഗണിക്കാവുന്നതാണ്. |
| (ബി) | ജില്ലയിലെ ചിറക്കൽ വില്ലേജിലുള്ള ജനസംഖ്യ എത്രയാണെന്ന് സൂചിപ്പിക്കാമോ; | (ബി) | ചിറക്കൽ വില്ലേജിലെ ജനസംഖ്യ 2011-ലെ സെൻസസ് പ്രകാരം 45601 ആയിരുന്നു. എന്നാൽ ഏകദേശം 60000-ൽപ്പരം ജനങ്ങൾ വില്ലേജ് പരിധിക്കുള്ളിൽ അധിവസിക്കുന്നുണ്ടെന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത വില്ലേജ് വിഭജിക്കുന്നതിനെക്കുറിച്ച് തീരുമാനിച്ചട്ടുണ്ടോ; വിശദാംശം നൽകാമോ; | (സി) | ഇല്ല. |
| (ഡി) | ജനസംഖ്യ കൂടുതലുള്ള വില്ലേജുകളിലെ ജീവനക്കാരുടെ ജോലിഭാരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ